## പത്രക്കുറിപ്പ്

# സ്വാതന്ത്ര്യദിനാഘോഷം : ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

## സൈബർ ക്രൈം ബോധവൽക്കരണ മാസാചരണം :

# പൊതുസ്ഥലങ്ങളിലെ മൊബൈൽ ചാർജ്ജിംഗ് പോയിന്റുകൾ ഉപയോഗിക്കുമ്പോൾ വിശ്വാസ്യത ഉറപ്പാക്കണം

# മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലെ വിവിധ കേസ്സുകളിലെ പ്രതികൾ പിടിയിൽ

തിരുവനന്തപുരം :- സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ഇന്ന് (15.08.2021) സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന പരേഡിനോടനുബന്ധിച്ച് വിപുലമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. 4 സോണുകളായി തിരിച്ചാണ് സുരക്ഷ ഒരുക്കുന്നത്. ഓരോ സോണിന്റേയും മേൽനോട്ട ചുമതല അസ്സിസ്റ്റന്റ് കമ്മീഷണർമാർക്ക് ആയിരിക്കും. ഓരോ സോണിലും 2 സെക്ടറുകൾ ഉണ്ടാകും. ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ സ്റ്റേഡിയത്തിന് അകത്തും പുറത്തുമായി 200 പോലീസുകാരെ വിന്യസിക്കും. കൂടാതെ, നഗരത്തിലെ പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 7 സ്പെഷ്യൽ സ്ട്രൈക്കിംഗ് ഫോഴ്സുകളും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ക്ഷണിക്കപ്പെട്ടിട്ടുള്ള 250 അതിഥികൾ ഒഴികെ മറ്റ് പൊതുജനങ്ങൾക്ക് സ്റ്റേഡിയത്തിൽ പ്രവേശനം അനുവദിക്കുന്നതല്ല. സുരക്ഷാപരിശോധനകളുടെ ഭാഗമായി ഇന്നലെ രാത്രി മുതൽ തന്നെ നഗരത്തിൽ ശക്തമായ പോലീസ് പട്രോളിംഗ് ആരംഭിച്ചതായും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## സൈബർ ക്രൈം ബോധവൽക്കരണ മാസാചരണം : പൊതുസ്ഥലങ്ങളിലെ മൊബൈൽ ചാർജ്ജിംഗ് പോയിന്റുകൾ ഉപയോഗിക്കുമ്പോൾ വിശ്വാസ്യത ഉറപ്പാക്കണം

തിരുവനന്തപുരം:- യാത്രയ്ക്കിടെ മൊബൈൽ ഫോണിന്റെ ചാർജ്ജ് കുറയുമ്പോൾ പൊതുസ്ഥലങ്ങളിലുള്ള ഫ്രീ ചാർജ്ജിംഗ് പോയിന്റുകൾ ഉപയോഗിക്കുമ്പോൾ ഡാറ്റ നഷ്ടപ്പെടലുകൾക്ക് സാധ്യത ഉള്ളതിനാൽ ഇത്തരം സ്ഥലങ്ങളുടെ വിശ്വാസ്യത ഉറപ്പ് വരുത്തണമെന്ന് ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. സമീപകാലത്ത് ഓൺലൈൻ പണം തട്ടിപ്പും സൈബർ കുറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി പോലീസ് ആഗസ്റ്റ് 1 മുതൽ ആരംഭിച്ച ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായുള്ള പ്രചരണപരിപാടികൾ തുടരുന്നു. വിവിധ മാധ്യമങ്ങളിലൂടെ പോലീസ് നൽകിയ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടാഴ്ചയായി നിരവധിപേരാണ് സിറ്റി സൈബർ സെല്ലുമായി ബന്ധപ്പെട്ട് സംശയനിവാരണം നടത്തിയത്. പോലീസ് നൽകുന്ന മുന്നറിയിപ്പുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചാൽ എല്ലാത്തരം സൈബർ തട്ടിപ്പുകളും തടയാൻ കഴിയുമെന്നും കമ്മീഷണർ അറിയിച്ചു.

### ജ്യൂസ് ജാക്കിംഗ് :-

യാത്രയിൽ മൊബൈൽ ഫോണിന്റെ ചാർജ്ജ് കുറയുമ്പോൾ ആശ്രയിക്കാറുള്ള ബസ്സ്റ്റാന്റുകൾ, റസ്റ്റോറന്റുകൾ തുടങ്ങിയവയിലെ ഫ്രീ ചാർജ്ജിംഗ് പോയിന്റുകൾ പലപ്പോഴും ഡാറ്റാ/ ഫയലുകളുടെ നഷ്ടപ്പെടലുകൾക്ക് കാരണമാകാറുണ്ട്. ഇത്തരം ഡാറ്റാ തട്ടിയെടുക്കലുകളെ ജ്യൂസ് ജാക്കിംഗ് എന്നുപറയുന്നു. ഇത്തരം ചാർജ്ജിംഗ് പോയിന്റുകൾ മുഖാന്തിരം നമ്മുടെ ഫോണിലേയ്ക്ക് കയറുന്ന മാൽവെയറുകൾ നമ്മുടെ പാസ്സ്‌വേർഡ്, ഫോട്ടോ, വീഡിയോ അടക്കമുള്ള അതിപ്രാധാന്യമുള്ള വിവരങ്ങൾ ചോർത്തി തട്ടിപ്പുനടത്തുന്നു.

**സ്വീകരിക്കേണ്ട മുൻകരുതലുകൾ :**

പൊതു ചാർജ്ജിംഗ് പോയിന്റുകളും മറ്റ് അപരിചിത ചാർജ്ജിംഗ് പോർട്ടുകളും ഉപയോഗിക്കാതിരിക്കുക.

## ലോട്ടറി സ്കാമുകൾ :-

വളരെക്കാലമായി പൊതുജനങ്ങൾ തട്ടിപ്പിന്നിരയാകുന്ന ഒരു തട്ടിപ്പ് രീതിയാണ് ലോട്ടറി തട്ടിപ്പുകൾ. നിങ്ങൾക്ക് വളരെ വലിയ ഒരു ലോട്ടറി തുക ബമ്പർ പ്രൈസായി ലഭിച്ചുവെന്നും അത് നേടുന്നതിനായി ബാങ്ക് അക്കൗണ്ട് / ക്രഡിറ്റ് കാർഡ് ഇവ വെരിഫൈ ചെയ്യണമെന്നും ഫോൺ വഴിയോ, വാട്സ്ആപ്പ് വഴിയോ സന്ദേശം ലഭിക്കുന്നു. പലപ്പോഴും ടാക്സ് ഇനത്തിലും പണം ട്രാൻസ്ഫറിനുമായ പ്രോസസ്സിംഗ് ചാർജ്ജ് എന്നൊക്കെ പറഞ്ഞ് പണം തട്ടിക്കുന്നു.

**സ്വീകരിക്കേണ്ട മുൻകരുതലുകൾ :**

ലോട്ടറികളുമായി ബന്ധപ്പെട്ട് ഇ-മെയിൽ / മറ്റ് സന്ദേശങ്ങളോട് പ്രതികരിക്കാതിരിക്കുക. ഒരിക്കലും ലഭിക്കാത്ത ലോട്ടറികൾക്ക് വേണ്ടി യാതൊരു കാരണവശാലും പണം നഷ്ടപ്പെടുത്താതിരിക്കുക.

## ഓൺലൈൻ ജോലി തട്ടിപ്പുകൾ :-

ഓൺലൈൻ ജോലി സൈറ്റുകളുടെ വിശ്വാസ്യത ഉറപ്പുവരുത്തുക. നമ്മുടെ ബാങ്ക് അക്കൗണ്ട് / ക്രെഡിറ്റ് കാർഡ് /ഡെബിറ്റ് കാർഡ് വിവരങ്ങൾ ഇത്തരം സൈറ്റുകളിൽ നല്കാതിരിക്കുക. പലപ്പോഴും തട്ടിപ്പുകാർ തന്നെ ഓഫീസർമാരെന്ന വ്യാജേന ഇന്റർവ്യൂ നടത്തുകയും വ്യാജ അപ്പോയിന്റ് മെന്റ് നൽകുകയുമൊക്കെ ചെയ്യേക്കാം. കൂടാതെ തിരികെ ലഭിക്കുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ട്രെയിനിംഗിനും പ്രോസസിംഗ് ചാർജ്ജിംഗിനുമായി വലിയ തുക പറ്റിക്കുന്നതിനും സാധ്യതയുണ്ട്.

**സ്വീകരിക്കേണ്ട മുൻകരുതലുകൾ :**

യഥാർത്ഥ ജോലി വാഗ്ദാനം ചെയ്യുന്ന കമ്പനികൾ ഒരിക്കലും പണം ആവശ്യപ്പെടാറില്ല. അപരിജിത പേയ്മെന്റ് പോർട്ടലുകളിൽ പണം മുടക്കാതിരിക്കുക.

## വ്യാജ ലോൺ പരസ്യങ്ങൾ :-

ആകർഷകമായ ഓഫറുകളും വളരെ താഴ്ന്ന പലിശനിരക്കുകളും ഉൾപ്പെടെ ആളുകളെ വലയിലാക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രം നൽകുന്ന ഇത്തരം പരസ്യത്തിൽ വീഴുന്നവരെ ഓൺലൈനായി ഡോക്യുമെന്റ് / ഇ-മെയിൽ വെരിഫിക്കേഷൻ നടത്തിയും വളരെചെറിയ തുക ലോൺ ആയി നൽകുമെന്ന് പറഞ്ഞ് വിശ്വസിപ്പിക്കുന്നു. കൂടാതെ പ്രോസസ്സിംഗ് ചാർജ്ജ്, ജി.എസ്.റ്റി. അഡ്വാൻസ് ഇ.എം.ഐ. തുടങ്ങിയതുക മുൻകൂർ അടയ്ക്കാൻ പ്രേരിപ്പിക്കുന്നു. സെർച്ച് ചെയ്യുമ്പോൾതന്നെ ആളുകൾക്ക് കാണത്തക്ക രീതിയിൽ ഫേക്ക് വെബ്സൈറ്റുകളും ഇത്തരം തട്ടിപ്പുകാർ രൂപകൽപ്പന ചെയ്യുന്നു.

### സ്വീകരിക്കേണ്ട മുൻകരുതലുകൾ :

അംഗീകാരം ഉള്ള ധനകാര്യ സ്ഥാപനങ്ങൾ ലോൺ പ്രോസസ്സിംഗിനുമുൻപ് അഡ്വാൻസ് ഫീസ് വാങ്ങാറില്ല. കൂടാതെ പ്രോസസിംഗ് തുക ലോൺ തുകയിൽ നിന്നും കുറവ് ചെയ്ത് ബാക്കി നൽകുന്നു. യഥാർത്ഥ ഉറവിടമല്ലെന്ന് ഉറപ്പ് വരുന്നതു വരെ പണം അടയ്ക്കാതിരിക്കുക.

## എസ്.എം. എസ്. / ഇ-മെയിൽ / ഇൻസ്റ്റന്റ് മെസ്സേജിംഗ് / കാൾ സ്കാം :-

തട്ടിപ്പുകാർ വ്യാജ സന്ദേശങ്ങൾ എസ്.എം. എസ്. / ഇ-മെയിൽ / ഇൻസ്റ്റന്റ് മെസ്സേജിംഗ് തുടങ്ങിയവ വഴി പ്രചരിപ്പിക്കുന്നു. ഇത് ശ്രദ്ധയിൽപ്പെടുന്ന ആളുകൾ ആ നമ്പരിൽ വിളിക്കുന്നതോടെ ആധാർനമ്പരിന്റെയും, പാൻ കാർഡിന്റെയും ചില വിവരങ്ങൾ ഷെയർ ചെയ്ത് നമ്മുടെ കൂടുതൽ വിവരങ്ങൾ ചോർത്തി പണം നഷ്ടപ്പെടുത്തുന്നു. പല നമ്പരുകളിൽ നിന്നും ആളുകളെ വിളിക്കുകയും പിന്നീട് ആ നമ്പരുകൾ പ്രവർത്തനം നിലയ്ക്കുകയും ചെയ്യുന്നു.

### സ്വീകരിക്കേണ്ട മുൻകരുതലുകൾ :

എസ്.എം. എസ്. / ഇ-മെയിൽ / ഇൻസ്റ്റന്റ് മെസ്സേജിംഗ് വഴി ലഭിക്കുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കുക. സംശയകരമായ സ്രോതസ്സുകളിൽ നിന്നുള്ള മെസ്സേജുകൾ അവഗണിക്കുക. ടെലഫോൺ / ഇ-മെയിൽ മുഖാന്തിരം ലഭിക്കപ്പെടുന്ന

ലോൺ ഓഫറുകൾ സ്വീകരിക്കാതിരിക്കുക. ഓൺലൈൻ പണം നൽകുന്നതിനുമുൻപ് മറ്റ് സ്രോതസ്സുകൾ വഴി വിശ്വാസ്യത ഉറപ്പുവരുത്തുക.

ഓൺലൈൻ ഇടപാടുകൾ നടത്തുമ്പോഴും സോഷ്യൽ മീഡിയ സൈറ്റുകളും ഇന്റർനെറ്റ് സേവനങ്ങളും ഉപയോഗിക്കുമ്പോഴും മേൽപ്പറഞ്ഞ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും സൈബർ ക്രൈമുകളുടെ ഇരയാകാതിരിക്കുന്നതിന് ജാഗ്രത പാലിക്കേണ്ടതുമാണ്. സൈബർ ക്രൈം ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായി മറ്റ് സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വരുംദിവസങ്ങളിലും തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

## വിശിഷ്ടസേവനത്തിനുള്ള ബഹു: മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹത നേടിയവർ



ഡി .അശോക് കുമാർ
കമാൻഡന്റ്



ഗോപകുമാർ. ജി
സബ് ഇൻസ്പെക്ടർ



ബിജുകുമാർ. പി. എൽ
സബ് ഇൻസ്പെക്ടർ



ഗിരിജ.കെ
സീനിയർ സിവിൽ
പോലീസ് ഓഫീസർ



അഭിലാഷ് . എസ്
സീനിയർ സിവിൽ
പോലീസ് ഓഫീസർ



വിനോദ് . എസ്
സീനിയർ സിവിൽ
പോലീസ് ഓഫീസർ



സജികുമാർ. വി . എസ്
സീനിയർ സിവിൽ
പോലീസ് ഓഫീസർ



രഞ്ജിത്ത്.എം. സി
സിവിൽ പോലീസ്
ഓഫീസർ

## വൃദ്ധനെ മർദ്ദിച്ച് കൊലപ്പെടുത്തിയ കേസ്സിലെ പ്രതികൾ അറസ്റ്റിൽ

തിരുവനന്തപുരം :- മെഡിക്കൽ കോളേജ് മഞ്ചാടിയിൽ 85 വയസ്സുള്ള വയോവൃദ്ധനെ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയ

കേസ്സിലെ മൂന്ന് പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോട്ടമുക്ക് സ്വദേശി വട്ട് ചന്ദ്രൻ എന്ന് വിളിക്കുന്ന ചന്ദ്രൻ (55), പ്രശാന്ത് നഗർ സ്വദേശി പയന്തി ബിനു എന്ന് വിളിക്കുന്ന ബിനു (47), നീരാഴി ലെയിൻ സ്വദേശി പീതക്കുട്ടൻ എന്ന് വിളിക്കുന്ന സന്തോഷ് (33) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

വ്യാഴാഴ്ച (12.08.2021)-യാണ് കൊലപാതകം നടന്നത്. രാത്രി 8 മണിയോടെ മെഡിക്കൽ കോളേജ് മഞ്ചാടി സ്വദേശിയായ സുരേന്ദ്രന്റെ വീട്ടിൽ അതിക്രമിച്ച് കയറിയ പ്രതികൾ മൂന്നുപേരും ചേർന്ന് ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തുകയായിരുന്നു. മുൻവൈരാഗ്യമാണ് കൊലപാതകത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെക്കുറിച്ച് കഴക്കൂട്ടം എ.സി.പി ഹരിയ്ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ-മാരായ രതീഷ്, പ്രിയ, വിജയബാബു, ഹാഷിം, സി.പി.ഒ-മാരായ രാജേഷ്, ഷജീബ്, അനിൽ കുമാർ, ഗോകുൽ, നിഷാദ്, ജ്യോതി.കെ.നായർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.


മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത സന്തോഷ് (33), ചന്ദ്രൻ (55), ബിനു (47)

## കട കുത്തിത്തുറന്ന് മോഷണം : ഒരാൾ അറസ്റ്റിൽ

തിരുവനന്തപുരം :- കണ്ണമ്മൂലയിലെ സ്പെയർ പാർട്ട്സ് കടയുടെ പൂട്ട് പൊളിച്ച് കടന്ന് മോഷണം നടത്തിയ കേസ്സിലെ ഒരു പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ചെറിയകൊണ്ണി കോലിയംകോട് വീട്ടിൽ സുരേഷ് (42)-നെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

ജൂലൈ 4-നാണ് മോഷണം നടന്നത്. പുലർച്ചെ 3.30 മണിയോടെ പ്രതി സുരേഷും കൂട്ടാളിയായ രാജനും ചേർന്ന് കണ്ണമ്മൂല

അവിട്ടം റോഡിലെ എസ്.എസ് ടിങ്കർ വർക്ക്സ് എന്ന കടയുടെ പൂട്ട് പൊളിച്ച് അകത്ത് കടന്ന് സ്പെയർ പാർട്ട്സുകളും ബാറ്ററികളും മറ്റും മോഷ്ടിച്ചെടുക്കുകയായിരുന്നു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുകയും ചെയ്തു. ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികളെ അന്വേഷിച്ചു വരവെ രണ്ടാം പ്രതിയായ സുരേഷിനെ മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ പ്രശാന്ത്, രതീഷ്, സി.പി.ഒ അനിൽ കുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത സുരേഷ് (42)

## മോഷണശ്രമം : രണ്ടുപേർ പിടിയിൽ

തിരുവനന്തപുരം:- കേശവദാസപുരത്തെ പെയിന്റ് കടയുടെ പൂട്ട് പൊളിച്ച് കടന്ന് മോഷണം നടത്താൻ ശ്രമിച്ച മൂന്നംഗസംഘത്തിലെ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൊല്ലം സ്വദേശി അസ്ലം (25), പെരുകാവ് സ്വദേശി അംജത് ഖാൻ (43) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.

ജൂൺ 25-നാണ് സംഭവം നടന്നത്. പുലർച്ചെ 3 മണിയോടെ കേശവദാസപുരത്തുള്ള തായില്യം പെയിന്റ്സ് എന്ന കടയുടെ ഷട്ടർ പൂട്ട് പൊളിച്ച് അകത്ത് കടന്ന മൂന്നംഗ മോഷണസംഘം പണം സൂക്ഷിക്കുന്ന ഡ്രോയർ പൊളിച്ച് നോക്കുകയും എന്നാൽ പണം ഇല്ലാത്തതിനാൽ കടന്നു കളയുകയായിരുന്നു. സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിച്ചും മറ്റ് ശാസ്ത്രീയാന്വേഷണങ്ങളുടേയും അടിസ്ഥാനത്തിലാണ് രണ്ട് പ്രതികളെ പോലീസ് ഇന്നലെ പിടികൂടിയത്. മെഡിക്കൽ എസ്.എച്ച്.ഒ


മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത അംജത് ഖാൻ (43), അസ്ലം (25)

ഹരിലാൽ, എസ്.ഐ-മാരായ പ്രശാന്ത്, രതീഷ്, എസ്.സി.പി.ഒ-മാരായ രഞ്ജിത്ത്, നൌഫൽ, സി.പി.ഒ-മാരായ പ്രതാപൻ, വിനീത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
14-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി